എക്സ്ചേഞ്ച് വഴി താത്കാലിക നിയമനം നൽകിയാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നത്. യോഗ്യതയുള്ള സ്രാങ്ക്മാരെ ഉപയോഗിച്ച് ബോട്ട് ഓടിക്കുന്നുവെന്ന് വകുപ്പ് ഉറപ്പുവരുത്തിയിട്ടുള്ളതിനാൽ യാത്രക്കാർക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുന്നില്ല. കാലപ്പഴക്കം ചെന്ന തടി ബോട്ടുകൾ ഘട്ടംഘട്ടമായി സർവ്വീസിൽ നിന്നും മാറ്റുകയെന്ന ഉദ്ദേശ്യത്തോടെയാണ് വകുപ്പ് കൂടുതൽ സുരക്ഷിതത്വമുള്ള സ്റ്റീൽ ബോട്ടുകൾ വാങ്ങിയിട്ടുള്ളത്. പുതിയതായി ലഭിച്ച സ്റ്റീൽ ബോട്ടുകൾ ഉപയോഗിച്ച് യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്ന രീതിയിൽ ഫലപ്രദമായി സർവ്വീസ് നടത്തുന്നതിന് സാധിക്കുന്നുണ്ട്.

കേരള പ്രസ് അക്കാദമിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

33 (5705) ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. എം. എം. മോനായി :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പ്രസ് അക്കാദമിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) മാധ്യമ മേഖലയുമായി ബന്ധപ്പെട്ട് നടന്നു വരുന്ന ഗവേഷണ പഠനങ്ങളുടെ വിശദാംശം നൽകുമോ ;

(സി) അക്കാദമി, ഗവേഷണ പ്രബന്ധങ്ങളും മാധ്യമ രംഗത്തെ നൂതന പ്രവണതകളെ സംബന്ധിച്ച പഠനങ്ങളും പ്രസിദ്ധീകരിക്കാറുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) അക്കാദമി ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത് ;

(ഇ) ഏതെല്ലാം മേഖലകളിലെ മികച്ച പ്രവർത്തനത്തിനാണ് മാധ്യമ അവാർഡ് നൽകുന്നത് ; അവാർഡ് തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കേരള പ്രസ്സ് അക്കാദമിയിൽ ഒരു പുതിയ ഹോസ്റ്റൽ മന്ദിരം പണിയുന്നതിനായി 75 ലക്ഷം രൂപ സർക്കാർ അനുവദിച്ചു. സർക്കാർ അനുവദിച്ച് 7 ലക്ഷം രൂപ ഉപയോഗിച്ച് അക്കാദമിയുടെ രണ്ടാം നിലയിലെ തുറസ്സായ ടെറസ്സിൽ മനോഹരമായ ഒരു ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. പുതുതായി എഡിറ്റ് സ്യൂട്ട്, ആർട്ട് സ്റ്റുഡിയോ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. 50 പേർക്ക് ഒരേ സമയം പരിശീലനം നൽകാവുന്ന രീതിയിൽ കമ്പ്യൂട്ടർ ലാബ് പരിഷ്കരിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷന്റെ സൗകര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി മുകൾ നിലയിൽ ക്ലാസ്സ്റൂം, സ്റ്റാഫ് റൂം എന്നിവ സജ്ജമാക്കിയിട്ടുണ്ട്. അക്കാദമി കോഴ്സുകളിലേക്ക് പെൺകുട്ടികൾ കൂടുതലായി അപേക്ഷിക്കുകയും ഹോസ്റ്റൽ സൗകര്യം ആവശ്യപ്പെടുകയും ചെയ്തതിനാൽ

LIBRARY ARCHIVES Kerala Legislative Assembly

ആൺകുട്ടികൾക്ക് അനുവദിച്ചിരുന്ന ഹോസ്റ്റൽ പെൺകുട്ടികൾക്കായി അനുവദിച്ച് നൽകുകയും ആൺകുട്ടികൾക്ക് ഡോർമിറ്ററി സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കേരള പ്രസ്സ് അക്കാദമിയിൽ സർക്കാർ അനുവദിച്ച 10 ലക്ഷം രൂപ ഉപയോഗിച്ച് മാധ്യമ മേഖലയുമായി ബന്ധപ്പെട്ട് മാധ്യമ പ്രവർത്തകർക്കായി പഠന ഗവേഷണ ബൃഹത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാർ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാധ്യമ പ്രവർത്തകരുടെ സാന്നിധ്യം ഉറപ്പുവരുത്തിക്കൊണ്ട് 10 വിഷയങ്ങളിൽ പഠനഗവേഷണം നടത്തുന്നതിന് അച്ചടി, ദൃശ്യ,ശ്രാവ്യ മാധ്യമങ്ങളിൽ നിന്ന് 10 മാധ്യമ പ്രവർത്തകരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ഓരോ ഗവേഷകനും ഒരു ലക്ഷം രൂപ വീതം ഗവേഷണ പ്രവർത്തനങ്ങൾക്കായി ലഭിക്കുന്നതാണ്.

(സി) ഇല്ല. എന്നാൽ മാധ്യമ രംഗത്തെ പ്രവണതകളെ സംബന്ധിച്ച 11 പുസ്തകങ്ങൾ അക്കാദമി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) കേരള പ്രസ്സ് അക്കാദമിയിൽ ജേർണലിസം, പബ്ലിക് റിലേഷൻസ് വിഷയങ്ങളിൽ ബിരുദാനന്തര ഡിപ്ലോമ കോഴ്സുകളും മൂന്ന് മാസ ദൈർഘ്യമുള്ള കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സും നടത്തിവരുന്നു.

(ഇ) ജനറൽ റിപ്പോർട്ടിംഗ്, വികസനോന്മുഖ റിപ്പോർട്ടിംഗ്, ന്യൂസ് ഫോട്ടോഗ്രാഫി, കാർട്ടൂൺ, ടെലിവിഷൻ-വാർത്താ, ടെലിവിഷൻ ക്യാമറ, വീഡിയോ എഡിറ്റിംഗ് എന്നീ വിഭാഗങ്ങളിലെ മികച്ച പ്രവർത്തനത്തിനാണ് മാധ്യമ അവാർഡ് നൽകുന്നത്. അവാർഡ് തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

നിയമനങ്ങളിലെ സംവരണതത്വം

34 (5708) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ധനസഹായം, ശമ്പളം എന്നിവ നൽകുന്ന എയ്ഡഡ് സ്കൂൾ അടക്കമുള്ള സ്വകാര്യ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഇല്ലെങ്കിൽ സംവരണതത്വം ഇവിടെയും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly